**വ്യക്തിഗത ശ്രദ്ധയ്ക്ക്- !**

**No. J3-2575 / DCRB/2016 A.**

ജില്ലാ പോലീസ് മേധാവിയുടെ
കാര്യാലയം, ആലപ്പുഴ.
തീയതി : 17.10.2016

പ്രേഷകൻ

ജില്ലാ പോലീസ് മേധാവി,
ആലപ്പുഴ

സ്വീകർത്താവ്

എല്ലാ ജില്ലാ പോലീസ് മേധാവിമാർക്കും

സർ,

വിഷയം:- ബഹു. സംസ്ഥാന പോലീസ് മേധാവി അവർകളുടെ വീഡിയോ കോൺഫറൻസിലെ നിർദ്ദേശങ്ങൾ - ആലപ്പുഴ ജില്ലയിലെ പോലീസ് സ്റ്റേഷനുകളിൽ പോലീസ് പിടിച്ചെടുത്ത് സൂക്ഷിച്ചിട്ടുള്ള വാഹനങ്ങളുടെ ലേല നടപടികളെ സംബന്ധിച്ച്.

മേൽ വിഷയത്തിലേക്ക് അങ്ങയുടെ ശ്രദ്ധ ക്ഷണിച്ചു കൊള്ളുന്നു.

ബഹുമാനപ്പെട്ട മുഖ്യമന്ത്രി അവർകളുടെ 100 ദിന കർമ്മ പരിപാടികളുടെ ഭാഗമായി പോലീസ് സ്റ്റേഷനിൽ പിടിച്ചെടുത്ത് സൂക്ഷിക്കുന്ന വാഹനങ്ങളുടെ ലേല നടപടികൾ നടത്തണമെന്നുള്ള നിർദ്ദേശം ലഭിച്ചതിനെ തുടർന്ന് ബഹുമാനപ്പെട്ട സംസഥാന പോലീസ് മേധാവിയുടെ നമ്പർ U3-73694/2011/PHQ Dtd 08.08.2014, U3 /107958/2009 Dtd 11.06.2016, സംസ്ഥാന ആഭ്യന്തര വകുപ്പിന്റെ നം. G3 / 28094/2014/Home Dtd 26.06.2014, സംസ്ഥാന ധനകാര്യ വകുപ്പിന്റെ GO (ms) /550-2014/Fin Dtd 15.12.2014 എന്നീ ഉത്തരവുകൾ പ്രകാരവും, ബഹുമാനപ്പെട്ട എ.ഡി.ജി.പി. (ഇന്റലിജന്റ്സ്) അവർകളുടെ നം. 43/ CAMP/ADGP (INT)/ 2011 Dtd 07.07.2011 എന്നീ ഉത്തരവുകൾ പ്രകാരവും 19.10.2010 ലെ GO(P) No. 421/2010/RD ഗവൺമെന്റ് ഉത്തരവ് പ്രകാരവും ജില്ലയിൽ ഒന്നാം ഘട്ട ലേലനടപടികൾ ആരംഭിച്ചു.

ആലപ്പുഴ ജില്ലയിലെ വിവിധ പോലീസ് സ്റ്റേഷനുകളിൽ പോലീസ് പിടിച്ചെടുത്ത് സൂക്ഷിച്ചിട്ടുള്ള വാഹനങ്ങളുടെ ലിസ്റ്റ് സബ് ഡിവിഷൻ ആഫീസ് മുഖാന്തിരം ശേഖരിക്കുകയും ചെയ്തു. ടി ലിസ്റ്റിൽ കേസിൽ ഉൾപ്പെട്ടവയും, അവകാശികൾ ഇല്ലാത്തതുമായ വാഹനങ്ങളുടെ കാറ്റഗറി തിരിക്കുകയും, അവകാശികൾ ഇല്ലാത്തതും ഉപേക്ഷിക്കപ്പെട്ടതുമായ 412 വാഹനങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് ആദ്യ ലിസ്റ്റ് തയ്യാറാക്കുകയും, ടി വാഹനങ്ങളുടെ അവകാശികൾ വാഹനങ്ങളുടെ ഉടമസ്ഥത തെളിയിക്കുന്നതിനുള്ള രേഖകളുമായി 30 ദിവസത്തിനകം ബന്ധപ്പെട്ട പോലീസ് സ്റ്റേഷനിൽ ഹാജരായി വാഹനം കൈപ്പറ്റണമെന്നും, അല്ലാത്തപക്ഷം ടി വാഹനങ്ങൾ പൊതുലേലം നടത്തി ഗവൺമെന്റിലേയ്ക്ക് കണ്ടുകെട്ടുന്നതാണെന്നുമുള്ള ലേല പരസ്യം കേരളാ പോലീസ് ആക്റ്റ് 56 പ്രകാരം പോലീസ് വെബ്സൈറ്റിലും, പത്ര മാധ്യമങ്ങളിലും, കേരള ഗസറ്റിലും, ജില്ലാ ഇൻഫർമേഷൻ ആഫീസ മുഖാന്തിരവും ജില്ലയിലെ പോലീസ് സ്റ്റേഷനുകളിലെ നോട്ടീസ് ബോർഡിലൂടെയും പരസ്യപ്പെടുത്തുകയും ചെയ്തു. തുടർന്ന് 30 ദിവസം കഴിഞ്ഞ് ടി ലിസ്റ്റ് വീണ്ടും

പുന:പരിശോധന നടത്തിയതിന് ശേഷം അവകാശികൾ ഇല്ലാത്തതും, ഉപേക്ഷിക്കപ്പെട്ടതുമായ 302 വാഹനങ്ങളുടെ വില നിർണ്ണയം അസിസ്റ്റന്റ് മോട്ടോർവെഹിക്കിൾ ഇൻസ്പെക്ടറെ കൊണ്ട് നടത്തുകയും ചെയ്തു. തുടർന്ന് ജില്ലയിലെ 4 സബ്ഡിവിഷനൽ ഡി.വൈ.എസ്.പി.മാരുടെ നേതൃത്വത്തിൽ ലേല ബോർഡ് രൂപീകരിക്കുകയും ടി 302 വാഹനങ്ങൾ പൊതു ലേലം നടത്തി 22,80,107 /- രൂപ സർക്കാർ ഖജനാവിലേയ്ക്ക് മുതൽ കൂട്ടുകയും ചെയ്തു.

തുടർന്ന് രണ്ടാം ഘട്ട ലേല നടപടികളുടെ ഭാഗമായി ജില്ലയിലെ പോലീസ് സ്റ്റേഷനുകളിൽ സൂക്ഷിച്ചിരുന്ന അവകാശികൾ ഇല്ലാത്തതും, ഉപേക്ഷിക്കപ്പെട്ടതുമായ 76 വാഹനങ്ങൾ മേൽ വിവരിച്ച പ്രകാരം നടപടികൾ പൂർത്തീകരിച്ച് പൊതുലേലം നടത്തി 401108/- രൂപ ഖജനാവിലേയ്ക്ക് അടയ്ക്കുകയും ചെയ്തു.

തുടർന്ന് 3-ാം ഘട്ട ലേല നടപടിയുടെ ഭാഗമായി ഒന്നും രണ്ടും ഘട്ടങ്ങളിലുള്ള ലേല നടപടികൾക്ക് ശേഷമുള്ള വാഹനങ്ങളും, പുതുതായി പിടിച്ചെടുത്ത വാഹനങ്ങൾ ഉൾപ്പെടെയുള്ള അവകാശികൾ ഇല്ലാത്ത വാഹനങ്ങളുടെ മൂന്നാംഘട്ട ലേല നടപടികൾ മേൽ ഉത്തരവുകൾ പ്രകാരവും, ബഹു. സംസ്ഥാന സർക്കാരിന്റെ 15.12.2014 തീയതിലെ Go-(MS)550/2014 /Fin, GO (ms)- 223/2012/Fin Dtd 17.04.12, No. GO(Rt). 5740/2013/Fin Dtd 11.07.2011. എന്നീ ഉത്തരവുകൾ പ്രകാരവും, PHQ No-U3/93181/15/PHQ 14.07.2015 തീയതിയിലെ ഉത്തരവിന്റെയും അടിസ്ഥാനത്തിൽ MSTC ലിമിറ്റഡ് എന്ന സ്ഥാപനത്തിന്റെ വെബ്സൈറ്റിൽ (http://www.mstcecommerce.com/) രജിസ്റ്റർ ചെയ്ത് 348 വാഹനങ്ങളുടെ ലോട്ട് തിരിച്ചുള്ള ലിസ്റ്റ് വെബ് സൈറ്റിൽ അപ്‌ലോഡ് ചെയ്ത് ഓൺലൈനായി E-Auction നടത്തുകയും ചെയ്തു.

തുടർന്ന് 4-ാം ഘട്ട ലേലത്തിന്റെ ഭാഗമായി ജില്ലയിൽ അവശേഷിക്കുന്ന 126 അവകാശി ഇല്ലാത്ത വാഹനങ്ങൾ മേൽ നടപടി പ്രകാരം E-Aution നടത്തുതിനുള്ള നടപടി ചെയതുകൊണ്ട് ആലപ്പുഴ ജില്ലയിലെ വിവിധ പോലീസ് സ്റ്റേഷനുകളിൽ സൂക്ഷിച്ചിരുന്ന Unclaimed/Abandoned വാഹനങ്ങൾ തുടർച്ചയായ ലേല നടപടികളിലൂടെ പൂർണ്ണമായും നീക്കം ചെയ്യുവാൻ കഴിഞ്ഞു.

ജില്ലയിൽ പോലീസ് പിടിച്ചെടുത്ത വാഹനങ്ങൾ പോലീസ് സ്റ്റേഷൻ കോമ്പൗണ്ടിലും, പരിസരങ്ങളിലും കിടന്ന് നശിക്കുന്നത്, കാൽനട യാത്രക്കാർക്കും, വാഹനങ്ങൾക്കും തടസ്സം സൃഷ്ടിക്കുന്നത് കണക്കിലെടുത്ത്, പിടിച്ചെടുത്ത വാഹനങ്ങളുടെ തീർപ്പാക്കൽ മുൻഗണനാ വിഷയമായി പരിഗണിച്ച് കേസിൽപ്പെട്ട വാഹനങ്ങളിൽ 185,184 MV Act പ്രകാരം പിടിച്ചെടുത്ത വാഹനങ്ങൾ സ്റ്റേഷനിൽ നിന്നും നടപടിക്രമം പൂർത്തീകരിച്ച് നീക്കം ചെയ്യുന്നതിനുള്ള നിർദ്ദേശം നൽകുകയും ആയതിൻ പ്രകാരമുള്ള നടപടികൾ ചെയതും വരുന്നു.

ബഹുമാനപ്പെട്ട തിരുവനന്തപുരം എസ്.സി.ആർ.ബി., ഡി.ജി.പി. അവർകളുടെ 29.08.2016 ലെ നം. 61/Camp/SP/SCRB/2016 ബഹുമാനപ്പെട്ട തിരുവനന്തപുരം സൗത്ത് സോൺ എ.ഡി.ജി.പി. അവർകളുടെ 03.09.2016 ലെ D2/ 5898/ ADGPSZ/2016, ബഹു. കൊച്ചി റെയിഞ്ച് പോലീസ് ഇൻസ്പെകർ ജനറൽ അവർകളുടെ No. A4/ 13699/KoR/ 2016 എന്നീ ഉത്തരവുകളുടെയും, മേൽ പ്രതിപാദിച്ച ഉത്തരവുകളുടെയും അടിസ്ഥാനത്തിൽ വിവിധ കേസുകളുമായി ബന്ധപ്പെട്ട് പോലീസ് പിടിച്ചെടുത്ത് പോലീസ് സ്റ്റേഷനുകളിൽ സൂക്ഷിച്ചിട്ടുള്ള വാഹനങ്ങൾ ദീർഘകാലം സ്റ്റേഷൻ പരിസരത്ത് കെട്ടിക്കിടക്കുന്നത് ഒഴിവാക്കുന്നതിനായി ടി വാഹനങ്ങൾ ഉടമസ്ഥന് വിട്ടുനൽകുന്നതിൽ കോടതിയുടെ അനുമതി ആവശ്യമായവയുടെ കാര്യത്തിൽ അനുമതി ലഭ്യമാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ കേസിൽപെട്ട വാഹനങ്ങൾ കോടതിയുടെ അനുവാദത്തോടെ ഉടമസ്ഥന് വിട്ടുനൽകുന്നത് സംബന്ധിച്ച് ബഹു. സുപ്രീം കോടതി Judgment in WP(C ). No. 14/2008 Dtd 19.04.2010 പ്രകാരമുള്ള ഉത്തരവും, ബഹു. കേരളാ ഹൈക്കോടതിയുടെ MA CA/ 1458/2008 നമ്പർ കേസിൽ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവും നിലവിലുണ്ട്.

കൂടാതെ ഇതര വകുപ്പുകളുടെ അഭ്യർത്ഥന പ്രകാരം ദീർഘകാലമായി പോലീസ് സ്റ്റേഷനുകളിൽ സൂക്ഷിക്കുന്ന വാഹനങ്ങൾ ഒഴിവാക്കുന്നതിനായി ബന്ധപ്പെട്ട ഡിപ്പാർട്മെന്റിന് കത്ത് നൽകുന്നതിനും മറ്റ് നടപടികൾ സ്വീകരിക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്.

മേൽ പ്രതിപാദിച്ചിട്ടുള്ള ഉത്തരവുകളുടെയും, ലേലനടപടികളുടെയും പകർപ്പുകൾ ഇതോടൊന്നിച്ച് ചേർത്തയക്കുന്നു

For ജില്ലാ പോലീസ് മേധാവി
ആലപ്പുഴ